# 86. കത്തോലിക്ക പുരോഹിതന്മാരുടെ ഭാര്യമാർ

ഞെട്ടേണ്ട. കേരളത്തിലെ കാര്യമല്ല പറയുന്നത്. പടിഞ്ഞാറേ ജർമനിയിലെ കാര്യമാണ്.

അവിടെ ഉർസുല ഗോറാംഡ്മൺ–പോഷ് എന്ന ഒരു സ്ത്രീ 'അവിശുദ്ധ വിവാഹങ്ങൾ' (ഉൺഹൈലിഗെ എഹെൻ) എന്ന ഒരു പുസ്തകം എഴുതി. മ്യൂണിക്കിലെ 'കിൻഡ്ലെർ' എന്ന പുസ്തകവ്യാപാരികൾ അതു പ്രസിദ്ധീകരിച്ചു. കത്തോലിക്കാപുരോഹിതന്മാരുടെ ദാമ്പത്യബന്ധങ്ങളിൽ നിലീനമായ ദുരന്തം വ്യക്തമാക്കുകയാണ് പുസ്തകത്തിന്റെ ലക്ഷ്യം.

ഉർസുലയ്ക്കു ജോലി ഒരു കത്തോലിക്ക പ്രസിദ്ധീകരണാലയത്തിലാണ്. പ്രസിദ്ധീകരിക്കുംമുമ്പ് പുസ്തകത്തിന്റെ പ്രൂഫ് പേജുകൾ തനിക്കു കാണണമെന്ന് ഔഗ്സ് ബർഗിലെ ബിഷപ്പ് സ്റ്റിംഫൽ ആവശ്യപ്പെട്ടു. ഉർസുല ഈ ആവശ്യം നിരസിച്ചു. പകരം ഉർസുല, താൻ നടത്തുന്ന ഒരു സൽക്കാരത്തിലേക്ക് ബിഷപ്പുതിരുമേനിയെ ക്ഷണിച്ചു. തിരുമേനി പ്രൂഫ് വായിച്ചു കഷ്ടപ്പെടുന്നതെന്തിന്? പുസ്തകത്തിൽ വിവരിക്കുന്ന 'അവിശുദ്ധവിവാഹങ്ങ'ളിൽ പങ്കാളികളായ കുറേപ്പേരെ ഈ സല്ക്കാരത്തിൽ തിരുമേനിക്കു കാണാം; അവരുമായി ഇത്തരം വിവാഹങ്ങളിലടങ്ങിയ പ്രശ്നങ്ങളെപ്പറ്റി നേരിട്ടു ചർച്ചചെയ്യുകയും ആവാം.

സല്ക്കാരത്തിനുള്ള ക്ഷണം ബിഷപ്പുതിരുമേനി സ്വീകരിച്ചില്ല. അച്ചന്മാരുടെ ഭാര്യമാരോ, കാമുകിമാരോ ആയ പതിനാറു സ്ത്രീകളും ഒരു അച്ചനും, ആതിഥേയിയുടെ ഭർത്താവും, അങ്ങനെ പതിനെട്ടുപേർ സല്ക്കാരത്തിൽ പങ്കെടുത്തു. പിന്നെ കുറേ ദിവസത്തേക്ക് നഗരത്തിൽ സംഭാഷണവിഷയം ഉർസുലയുടെ സല്ക്കാരമായിരുന്നുവത്രേ.

സൽക്കാരത്തിൽ പങ്കെടുത്ത അച്ചൻ തന്റെ കാമുകിയുമൊത്ത് ഒരു ഒഴിവുകാലയാത്ര നടത്തി തിരിച്ചുവരികയായിരുന്നു. മടങ്ങുംവഴി 'അവിശുദ്ധവിവാഹങ്ങ'ളുടെ ഗ്രന്ഥകർത്രിയെ കാണാൻ കയറിയതാണ്. അവിചാരിതമായി, ഒരു സല്ക്കാരത്തിലാണ് താൻ എത്തിപ്പെട്ടതെന്നു കണ്ടു അച്ചന് പരിഭ്രമമായി. പിന്നീട് ഗ്രന്ഥകർത്രിയുടെ ഭർത്താവുമൊരുമിച്ച് അച്ചൻ ഒരു മൂലയിൽ പോയി ഇരുന്നു. തന്റെ കാമുകി കൂസലില്ലാതെ തങ്ങളുടെ ദാമ്പത്യപ്രശ്നങ്ങൾ ചർച്ചചെയ്യുന്നത് കുറേ നേരം കേട്ടപ്പോഴേ, സംഭാഷണത്തിൽ പങ്കുചേരാനുള്ള മനസ്സാന്നിധ്യം അച്ചന് കൈവന്നുള്ളു.

കൃത്യമായി കണക്കൊന്നുമില്ലെങ്കിലും, പടിഞ്ഞാറേ ജർമനിയിലുള്ള മുപ്പതിനായിരം കത്തോലിക്ക പുരോഹിതരിൽ 5000–ത്തിനും 6000–ത്തിനും ഇടയ്ക്ക് വിവാഹിതർ ഉണ്ടെന്നാണ് സോളിൻഗെൻ നഗരത്തിലുള്ള 'വിവാഹിതരായ കത്തോലിക്ക അച്ചന്മാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും സംഘടന'യുടെ തലവനായ ഹൈൻറിഷ് ലുവേഗ് പറയുന്നത്. ലുവേഗ് മുമ്പ് ഒരു കത്തോലിക്ക പുരോഹിതനായിരുന്നു. ആറു വർഷം മുമ്പ് വിവാഹംകഴിച്ചു, രണ്ടു കുട്ടികളുടെ പിതാവായ, ലുവേഗ് ഇപ്പോൾ ഒരു രാഷ്ട്രീയപ്പാർട്ടിയുടെ പ്രവർത്തകനാണ്. സർക്കാർവക രജിസ്ട്രാപ്പീസിൽ ചെന്ന് വിവാഹം രജിസ്റ്റർ ചെയ്യിക്കുംമുമ്പ് ലുവേഗ് പൗരോഹിത്യം ഉപേക്ഷിച്ചു. പോളണ്ടിലെ

കർദിനാൾ വോയ്ത്തില മാർപ്പാപ്പയായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ, ലുവേഗും പല രാജ്യങ്ങളിലുള്ള പതിനാറായിരം അച്ചന്മാരും ചേർന്ന് പുരോഹിതന്മാരുടെ ബ്രഹ്മചര്യവ്രതത്തിൽ ഇളവ് അനുവദിക്കുന്ന ഒരു കല്പന പുറപ്പെടുവിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് മാർപ്പാപ്പയെ സമീപിച്ചു.

ഈ നിവേദനത്തിനു ഫലമുണ്ടായില്ല. വിവാഹം കഴിച്ചാലും കത്തോലിക്ക അച്ചൻ എപ്പോഴും അച്ചൻതന്നെ. പക്ഷേ, ബ്രഹ്മചര്യവ്രതം ലംഘിച്ചതായി വെളിപ്പെട്ടാൽ അച്ചനെ 'സസ്പെൻഡ്' ചെയ്യും. ഇതിനർത്ഥം, പള്ളികളിലെ ആരാധനകൾ അച്ചൻ നടത്തിക്കൂടാ എന്നാണ്. മാത്രമല്ല, മുമ്പ് അച്ചനായിരുന്ന ഒരാളുടെ വിവാഹം പള്ളിയിൽ വെച്ചു നടത്തിക്കൊടുക്കുകയുമില്ല. കാമുകരോ, ഭർത്താക്കന്മാരോ ആയിത്തീരുന്ന അച്ചന്മാരുടെമേൽ നിരന്തരമായ സാമൂഹ്യസമ്മർദമാണ് ഇതുമൂലം ഉണ്ടായിത്തീരുന്നത്.

സർക്കാർവക രജിസ്ട്രാപ്പീസുകളിൽച്ചെന്ന് വിവാഹം നടത്തിയ മുൻ അച്ചന്മാരെ മ്യൂണിക്കിലെ കർദിനാൾ ദോയ്ഫനർ പള്ളിവക സ്കൂളുകളിൽ അദ്ധ്യാപകരായും പള്ളിസ്വത്തുക്കളുടെ ഭരണകർത്താക്കളായും നിയമിച്ചിരുന്നു. അതിനാൽ ജർമനിയുടെ പല ഭാഗങ്ങളിൽ നിന്നും ഗൃഹസ്ഥ—പുരോഹിതന്മാർ മ്യൂണിക്കിൽ വന്നുകൂടാൻ തുടങ്ങി. ഇത്തരം നാനൂറോ അഞ്ഞൂറോ മുൻ അച്ചന്മാർ ഇപ്പോഴും മ്യൂണിക് ഇടവകയിലുണ്ടെന്ന് ഹൈൻറിഷ് ലുവേഗ് പറയുന്നു. ഇപ്പോൾ മുൻ—അച്ചന്മാരെ ഇത്തരം ജോലികൾക്ക് നിയമിക്കാതായിട്ടുണ്ട്. അവർക്ക് സർക്കാർ സ്കൂളുകളിൽ അദ്ധ്യാപകരായോ, സാമൂഹ്യപ്രവർത്തകരായോ എംപ്ലോയ്മെൻറ് (ലേബർ) എക്സ്ചേഞ്ചുകളിൽ ഉപദേഷ്ടാക്കളായോ ജോലി കിട്ടും. കൊളോണിലെ ആർച്ച്ബിഷപ്പിൻെറ കീഴിലുള്ളതിൽക്കൂടുതൽ കത്തോലിക്ക അച്ചന്മാർ ഇപ്പോൾ പടിഞ്ഞാറേ ജർമനിയിൽ സർക്കാരിൻെറ എംപ്ലോയ്മെൻറ് വിഭാഗത്തിൽ ജോലിനോക്കുന്നുണ്ടത്രേ.

വിവാഹിതരായ ചില മുൻ—പുരോഹിതർ ജർമ്മനിയിൽ ടാക്സി ഡ്രൈവർമാർ ആണ്. ചിലർ മദ്യശാലകൾ നടത്തുന്നു. സർക്കാർ നൽകുന്ന തൊഴിലില്ലായ്മ വേതനമാണ് മററു ചിലരുടെ ഉപജീവന മാർഗം.

സാമൂഹ്യ ബഹിഷ്കരണം ഭയപ്പെട്ടും, തങ്ങളെപ്പററി മററുള്ളവർ സംസാരിക്കുന്നത് ഒഴിവാക്കാനും, പല കത്തോലിക്ക പുരോഹിതരും തങ്ങളുടെ അനുരാഗവൃത്താന്തം ഒളിപ്പിച്ചുവയ്ക്കുന്നു. ഇതു നിമിത്തം, കാമുകനേക്കാൾ കൂടുതൽ മനഃക്ലേശം കാമുകി സഹിക്കേണ്ടിവരുന്നു. അവൾക്ക് ജോലി, പള്ളിയുമായി ബന്ധപ്പെട്ട ഏതെങ്കിലും സേവനത്തുറയിലാണെങ്കിൽ അതു നഷ്ടപ്പെടാൻ സംഭാവ്യത ഏറെയാണ്. ഹൈൻറിഷ് ലുവേഗിൻെറ പത്നി ആൻ മുമ്പൊരു പള്ളിയുടെ കീഴിൽ സാമൂഹ്യപ്രവർത്തകയായിരുന്നു. പുരോഹിതനായ ലുവേഗുമായുള്ള പ്രേമബന്ധംമൂലം അവൾക്ക ജോലി നഷ്ടപ്പെട്ടു. 'പെട്ടെന്ന് ഞങ്ങൾ ഒററപ്പെട്ടു. ഞങ്ങളുടെ പ്രശ്നങ്ങളെപ്പററി സംസാരിക്കാൻ ഞങ്ങൾക്ക് ഒരാളും ഇല്ലാതായി' എന്ന് ആൻ പറയുന്നു.

ഇത്തരം സ്ത്രീകൾ വേറെയും ഉണ്ടാകാമല്ലോ. അവരെ ഒന്നിച്ചു ചേർത്ത് ഒരു സംഘടന രൂപവല്ക്കരിക്കാൻ ആൻ നിശ്ചയിച്ചു. കാമുകന്മാരുടെ ബ്രഹ്മചര്യവ്രതം നിമിത്തം കഷ്ടപ്പെടുന്നവരും പരസ്പരസഹായത്തിന് ഒരു സംഘടനയുണ്ടാക്കാൻ ആഗ്രഹിക്കുന്നവരുമായ സ്ത്രീകൾ തനിക്ക് എഴുതണമെന്ന അർത്ഥത്തിൽ ഒരു പരസ്യം ആൻ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചു.

ഈ സംഘടനയിൽ ഇപ്പോൾ തൊണ്ണൂറു സ്ത്രീകൾ അംഗങ്ങളാണ്. ഇവർ ജർമനിയിലെ വ്യത്യസ്ത നഗരങ്ങളിൽ ആണ്ടിൽ മൂന്നോ നാലോ തവണ രഹസ്യമായി സമ്മേളിക്കുന്നു. 'ബ്രഹ്മചര്യ'ത്തിന്റെ സിദ്ധാന്തവശങ്ങളെപ്പററി അവർ ചർച്ചചെയ്യാറില്ല. കാരണം, ആ നിയമം മാററുക ദുഷ്കരമാണെന്ന് അവർ കരുതുന്നു. എങ്കിലും, കത്തോലിക്ക പുരോഹിതരുടെ ബ്രഹ്മചര്യവ്രതം എടുത്തുകളയുന്നതിനെ ജർമനിയിൽ അറുപതുശതമാനം കത്തോലിക്കരും അനുകൂലിക്കുന്നതായി ഒരു സർവേയിൽ വെളിപ്പെട്ടിട്ടുണ്ടത്രേ.

ഭർത്താവിന്റെ (അല്ലെങ്കിൽ കാമുകന്റെ) ബ്രഹ്മചര്യവ്രതവുമായി ഭാര്യ (അല്ലെങ്കിൽ കാമുകി) പൊരുത്തപ്പെട്ടു ജീവിക്കുന്നതെങ്ങനെ എന്നതാണ് ആൻ ലുവേഗിന്റെ സംഘടനയുടെ പ്രധാന ചർച്ചാവിഷയം. മുമ്പു പറഞ്ഞ ഉർസുലയുടെ സല്ക്കാരത്തിൽ പങ്കെടുത്തിരുന്ന ആൻ ഈ പ്രശ്നം അവിടെയും അവതരിപ്പിച്ചു.

ഒരു പുരോഹിതന്റെ കാമുകിയായ താമര ഈ സല്ക്കാരത്തിൽ ഒരു അതിഥിയായിരുന്നു. 'എല്ലാം രഹസ്യമായി വേണം ചെയ്യാൻ' എന്നതായിരുന്നു താമരയുടെ വിഷാദം. 'ഇരട്ടജീവിതം എനിക്കു മടുത്തു. എന്റെ വികാരങ്ങൾ എന്തെന്ന് അച്ഛനമ്മമാരോടോ,സുഹൃത്തുക്കളോടോ ഞാൻ പറഞ്ഞുകൂടാ. കാമുകനുമൊരുമിച്ച് നാടകമോ, സിനിമയോ കാണാനോ, ഒഴിവുദിവസം ചെലവഴിക്കാനോ എനിക്കു നിർവാഹമില്ല. കണ്ടുപിടിക്കപ്പെട്ടാലോ എന്ന ഭയമാണ് എപ്പോഴും. ടെലിഫോണിലൂടെ കാമുകനുമായി സംസാരിക്കാമെന്നുവെച്ചാൽ, ഫോൺബില്ല് അതിരു കടക്കും.'

കാമുകൻ തനിക്കു നഷ്ടപ്പെട്ടേക്കുമോ എന്ന ആശങ്ക പുരോഹിതന്റെ കാമുകിക്ക് വളരെ കൂടുതലാണത്രേ. 'പുരോഹിതനെന്ന നിലയിൽ, മാർട്ടിനുവേണ്ടിയാണ് ഞാൻ സകലതും ചെയ്തിരുന്നത്—ഭക്ഷണം പാകംചെയ്യുന്നതും തുന്നുന്നതും വീടു വൃത്തിയാക്കുന്നതും എല്ലാം. ഏകാകിയായതിനാൽ അയാളെ ഞാൻ ഒരമ്മ മകനെ നോക്കുംപോലെ നോക്കിയിരുന്നു. അയാൾ ചെറുപ്പക്കാരികളുമായി സൊള്ളുകയോ ഇടപെടുകയോചെയ്യുമ്പോൾ, എനിക്ക് അയാൾ നഷ്ടപ്പെടുകയാണെന്ന് ഞാൻ ഭയപ്പെട്ടിരുന്നു' എന്ന് താമര തുടർന്നു പറഞ്ഞു. 'പക്ഷേ, എന്നെപ്പററി കൂടുതൽ ആലോചിക്കാൻ പിന്നെപ്പിന്നെ പഠിച്ചു. എന്റെ വേദനകളെപ്പററിയും ആശങ്കകളെപ്പററിയും ഞാൻ തുറന്നു പറഞ്ഞുതുടങ്ങി. സമ്മർദം സഹിക്കാനുള്ള എന്റെ കഴിവിനുമുണ്ടല്ലോ അതിരു്.'

ഉർസുലയുടെ സൽക്കാരത്തിൽ അതിഥിയായിരുന്ന മറെറാരു സ്ത്രീ ഒരു അച്ചനെ രജിസ്റ്റർവിവാഹം ചെയ്തു്, അയാളുടെ ഭാര്യയായി, പല സുഖസൗകര്യങ്ങളും ത്യജിച്ച് പതിനാറു വർഷം ജീവിച്ചു. അച്ചൻ ഇപ്പോൾ പതിനെട്ടു വയസ്സുള്ള മറെറാരു പെൺകിടാവുമായി പ്രണയത്തിലാണ്. അവൾക്കു ഗർഭവുമുണ്ടു്. ഈ പെൺകിടാവിനെ വിവാഹംചെയ്യാൻവേണ്ടി മുൻഭാര്യയുമായി വിവാഹമോചനം നേടാനാണ് ഇപ്പോൾ അച്ചന്റെ ശ്രമം.

നീണ്ടകാലം ലൈംഗികജീവിതം നയിച്ച് ഒരു കുട്ടിയുടെ പിതാവായിത്തീർന്നശേഷം ബ്രഹ്മചര്യവ്രതത്തിലേക്കു മടങ്ങിപ്പോയ ഒരച്ചന്റെ കാമുകിയായ 'റൂത്ത്' എന്ന സ്ത്രീയും ഉർസുലയുടെ സല്ക്കാരത്തിൽ സന്നഹിതയായിരുന്നു. 'അറിയാതെ ചെയ്തുപോയ എന്റെ അപരാധം ദൈവം ക്ഷമിക്കാതിരിക്കയില്ല' എന്നതായിരുന്നുവത്രേ ഈ അച്ചന്റെ സമാധാനം. അതു കേട്ടപ്പോൾ തനിക്ക് കഠിനമായ അപമാന ബോധവും വേദനയും ഉണ്ടായെന്ന് റൂത്ത് പറഞ്ഞു.

പതിനേഴ വയസ്സായ ഒരു പെൺകുട്ടിയും ഈ സൽക്കാരത്തിൽ

സന്നിഹിതയായിരുന്നു. അമ്മ ചിത്തരോഗിണിയായിരുന്നതിനാൽ മകൾ മിക്കവാറും ഊമയായി മാറി. അവൾ കണക്കററു മദ്യപിക്കാനും തുടങ്ങി. സാമൂഹ്യസേവനം നടത്തുന്ന ഒരു സന്ന്യാസസഭാംഗം (ബ്രദർ) അവൾക്ക് മനശ്ശാസ്ത്രചികിത്സ നൽകാനാരംഭിച്ചു. ഇതിൻഫലമായി അവൾ മദ്യപാനശീലം ഉപേക്ഷിച്ചു. സംസാരശക്തി വീണ്ടെടുത്തു. പക്ഷേ, അതിനകം ചികിത്സകൻ രോഗിണിയുടെ ഭർത്താവായിക്കഴിഞ്ഞിരുന്നു. പകൽ സന്ന്യാസിയും രാത്രി ഭർത്താവും ആയുള്ള ജീവിതം അസഹ്യമായതിനാൽ അയാൾ ജർമനിവിട്ട് ആഫ്രിക്കയിൽ സേവനത്തിന പോയി. പെൺകുട്ടി അനാഥയുമായി.

ഫ്രൈബുർഗിൽ ഒരു പള്ളിവക നഴ്സറിസ്കൂളിൽ അദ്ധ്യാപികയായിരുന്ന ഉഷി പള്ളിയിലെ അസിസ്റ്റൻറ് അച്ചനുമായി പ്രണയത്തിലായി. വിവരം അറിഞ്ഞ പള്ളിയിലെ മുഖ്യവികാരി 'കർത്താവിൻെറ ആട്ടിൻപററത്തിൽത്തന്നെയുള്ള മോഷ്ടാവി'നെപ്പററി പള്ളിയിൽ വെച്ചു പ്രസംഗിച്ചു. സ്കൂളിൻെറ ഫണ്ട് അദ്ധ്യാപിക ദുരുപയോഗപ്പെടുത്തിയെന്ന് ആരോപിക്കപ്പെട്ടു. പ്രാദേശികപത്രം ഉഷിയെക്കുറിച്ചുള്ള അപവാദങ്ങൾ പ്രസിദ്ധീകരിച്ചു. ഇതൊക്കെക്കാരണം പതിമ്മൂന്നു വർഷം മുമ്പ് ഉഷിക്ക് ഫ്രൈബുർഗ് വിട്ട് മ്യൂണിക്കിലേക്കു താമസം മാറേറണ്ടിവന്നു. ഇന്ന് ഉഷി മ്യൂണിക്കിൽ ഒരദ്ധ്യാപികയാണ്; ഭർത്താവ് ഒരു സാമൂഹ്യപ്രവർത്തകനും. ഈ ദമ്പതിമാർക്ക് ഒരു മകനും ഒരു വളർത്തുമകളുമുണ്ട്. സംതൃപ്തകുടുംബം.

തങ്ങളുടെ കാമുകന്മാരോ, ഭർത്താക്കന്മാരോ ആയിത്തീരുന്ന പുരോഹിതന്മാരിൽ സംരക്ഷകനായ ഒരു പിതാവിൻെറ പ്രതിച്ഛായയാണത്രേ അധികം കാമുകിമാരും കാണുന്നത്. പുരോഹിതന്മാരാണെങ്കിൽ പൊതുവെ, സ്ത്രീകളെ പൂർണമായി മനസ്സിലാക്കാൻ കഴിവില്ലാത്തവരാണെന്നു തൻെറ പുസ്തകത്തിൽ ഉർസുല ഗോൾഡ് മൺ–പോഷ് പറയുന്നു. സ്ത്രീകൾ ഈ പുരോഹിതകാമുകന്മാരെ സംബന്ധിച്ചിടത്തോളം, പ്രലോഭിപ്പിക്കുന്ന ഹവ്വയോ, വിശുദ്ധ കന്യകാമാതാവോ ആണ്.

കത്തോലിക്ക പുരോഹിതരുടെ ബ്രഹ്മചര്യവ്രതം സംബന്ധിച്ച നിയമത്തിൽ എന്തെങ്കിലും അയവുവരികയാണെങ്കിൽ അതു സ്ത്രീകളുടെ പ്രയത്നങ്ങളിലൂടെ മാത്രമായിരിക്കുമെന്ന് ഉർസുല ഗോൾഡ് മൺ–പോഷ് കരുതുന്നു. കാരണം, 'പുരോഹിതന്മാർക്കുള്ളതിലേറെ ധൈര്യം സ്ത്രീകൾക്കുണ്ട്.'

ഉജ്ജ്വലമായ ഒരാദർശമാണു ജീവിതകാലം മുഴുവനും നീണ്ടുനില്ക്കുന്ന ബ്രഹ്മചര്യം. 'നൈഷ്ഠിക ബ്രഹ്മചര്യം' എന്നു വിളിക്കപ്പെടുന്ന ഈ വ്രതം ശരിക്ക് അനുഷ്ഠിക്കാൻ കഴിവുള്ളവർ, പക്ഷേ, എത്ര പേർ ഉണ്ടായിരിക്കും? കഠിനമായ സാധനയിലൂടെ ശരീരത്തെ അടക്കി നിർത്താമെങ്കിൽത്തന്നെ, അലഞ്ഞുനടക്കുന്ന മനസ്സിനെ പൂർണമായും കീഴ്പ്പെടുത്തുക ദുഷ്കരംതന്നെ. 'കർമേന്ദ്രിയങ്ങളെ അടക്കിനിർത്തുന്നുണ്ടെങ്കിലും, വിഷയോപഭോഗങ്ങളെ മനസ്സിൽ ഓർത്തുകൊണ്ടിരിക്കുന്നവൻ മൂഢനാണ്; അവനെ 'മിഥ്യാചാരൻ' എന്നുവേണം വിളിക്കാൻ' എന്നു ഗീത പറയുന്നു. പദ്യം ഇതാണ്:

> കർമേന്ദ്രിയാണി സംയമ്യ
> യ ആസ്തേ മനസാ സ്മരൻ
> ഇന്ദ്രിയാർത്ഥാൻ വിമൂഢാത്മാ
> മിഥ്യാചാരസ്സ ഉച്യതേ.

മിഥ്യാ–ആചാരം നടത്തിക്കൊണ്ടിരിക്കണമോ? അതോ ദൗർബല്യം ഏററുപറഞ്ഞു വിട്ടുവീഴ്ചയ്ക്കൊരുങ്ങണോ? ഈ ചോദ്യത്തിനുള്ള ഒരു

ഉത്തരം 'അവിശുദ്ധ വിവാഹങ്ങൾ' എന്ന പുസ്തകം നൽകുന്നു; അതിനു വിരുദ്ധമായ മറ്റൊരു ഉത്തരം കത്തോലിക്കപ്പള്ളിയും നൽകുന്നു. ഏതു് ഉത്തരമാണു നിങ്ങൾക്കു സ്വീകാര്യം?

(ആധാരം: 1985 നവംബർ 17—ലെ 'ജർമൻ ട്രൈബ്യൂൺ' വാരിക യിൽ ഉദ്ധരിച്ച ഒരു ലേഖനം.)

(2 ഫെബ്രുവരി, 1986)

## 87. വരന്മാരെ വിൽക്കാനുണ്ടു്

ബിഹാർ സ്റ്റേറ്റിൽ 'സോൺപൂർ' എന്ന സ്ഥലത്തു് ആണ്ടുതോറും നടക്കുന്ന 'ആനച്ചന്ത'യെപ്പററി അറിയാത്ത മലയാളികൾ കുറവായിരിക്കും. കേരളത്തിലെ ക്ഷേത്രോത്സവങ്ങളിൽ എഴുന്നെള്ളിക്കുന്നതിനു പററിയ കൊമ്പനാനകൾ ഏതാനും വർഷം മുമ്പു് പശ്ചിമഘട്ടത്തിലെ കാടുകളിൽ ഇല്ലാതായി. അതിനാൽ സോൺപൂർ ചന്തയിൽനിന്നു് ഉയരവും തലയെടുപ്പുമുള്ള കൊമ്പനാനകളെ വാങ്ങി കേരളത്തിലേക്കു കൊണ്ടു വന്നു് ആവശ്യക്കാർക്കു വിൽക്കുക ലാഭകരമായ ഒരേർപ്പാടു് ആയിത്തീന്നു. സാഹസികരായ ഏതാനും ആന—മുതലാളിമാർ ഈ കച്ചവടത്തിൽ വൈദഗ്ദ്ധ്യം ആർജിച്ചു. ബിഹാറിലെ ആനകൾക്കു പൊതുവെ നല്ല ഉയരമുണ്ടു്. പക്ഷേ, അവയ്ക്കു് സഹ്യൻെറ മക്കളോളം 'തലക്കനം' ഇല്ല. ആകെപ്പാടെയുള്ള ആനച്ചന്തവും ബിഹാറി ആനകൾക്കു കുറവാണത്രേ. എങ്കിലും, ഉയരം ഏറെ ഉള്ളതിനാൽ അവയെ 'കയററി എഴുന്നെള്ളിക്കാം'; അവയ്ക്കു് ഉയർന്ന തുക 'ഏക്കം' ആയി കിട്ടുകയും ചെയ്യും. വൈക്കോൽ തിന്നുന്നവയും ഹിന്ദിയിലുള്ള കല്പനകൾ ('ഉഠോ', 'ബൈഠോ', 'ചലോ' ഇത്യാദി) അനുസരിക്കുന്നവയുമായ ബിഹാറി ആനകൾ കേരളത്തിലെ ആനക്കമ്പക്കാർക്കു കുറേക്കാലം കൗതുകവസ്തുക്കൾ ആയിരുന്നു.

സോൺപൂർ ചന്തപോലെതന്നെ പ്രസിദ്ധി ആർജിക്കാൻ അർഹമാണു് വടക്കെ ബിഹാറിൽ, മിഥില പ്രദേശത്തു്, മധുബനി എന്ന ജില്ലയിൽ 'സൗരാഠ്' എന്ന ചെറുനഗരത്തിൽ ആണ്ടുതോറും ജൂലൈമാസത്തിൽ ഒരാഴ്ചയോളം നടക്കുന്ന 'വരന്മാരുടെ ചന്ത'.

സീതയുടെ ജന്മഭൂമിയായ മിഥില പണ്ടുമുതൽ ശക്തിപൂജയുടെ നാടാണു്. പൂജിക്കാൻവേണ്ടി ദുർഗാഭഗവതിയുടേയും മററും ചിത്രങ്ങൾ, ഒരു പ്രത്യേക രീതിയിൽ വരകളും ചായങ്ങളും ഉപയോഗിച്ചു കടലാസ്സിൽ വരയ്ക്കുന്നതു് മിഥിലയിൽപ്പെട്ട മധുബനി ജില്ലയിലെ പല ഗ്രാമങ്ങളിലും എത്രയോ വർഷങ്ങളായി നിലവിലുള്ള ഒരു നാടൻ കലയാകുന്നു. അധികവും സ്ത്രീകളാണു് ഈ കലയിൽ വിദഗ്ദ്ധകൾ. മധുബനിയിലെ ഏതോ കലാകാരി വരച്ചതും, നിലത്തു കിടക്കുന്ന ശിവൻെറ മേൽ നൃത്തം ചെയ്യുന്ന ചണ്ഡികയെ പ്രതിനിധാനം ചെയ്യുന്നതുമായ ഒരു ചിത്രം, ഏതാനും വർഷം മുമ്പു് ബിഹാറിൽ സഞ്ചരിക്കവേ, എനിക്കു സമ്മാനമായി ലഭിച്ചിരുന്നു. ഇതിലെ കടുത്ത ചായങ്ങൾ പിന്നെപ്പിന്നെ മാഞ്ഞുകൊണ്ടിരിക്കുകയാണു്. പക്ഷേ, വരകൾ അതേപോലെ തെളിഞ്ഞു നിൽക്കുന്നുണ്ടു്. മധുബനി ചിത്രങ്ങൾക്കു് അടുത്തകാലത്തു് അന്താരാഷ്ട്രീയ പ്രസിദ്ധിതന്നെ കൈവന്നിരിക്കുന്നു.

മധുബനി ജില്ലയിലെ 'സൗരാഠ്' എന്ന ചെറുനഗരത്തിൽ പ്രസിദ്ധമായ ഒരു സോമനാഥ (ശിവ) ക്ഷേത്രമുണ്ടു്; അതിനടുത്തു വലിയ ഒരു